DESPATCHED On 26/2/2020
7/1/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1013*(2)/2019*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. *7711/എസ്.ഐ.സി-ജി 6/19*

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. തോമസ് കുട്ടി എം.റ്റി.,
മണക്കുന്നേൽ,
കുരിശുംമൂട് പി.ഒ.,
ചങ്ങനാശ്ശേരി. } അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ& അക്കൗണ്ടസ് ഓഫീസർ (ജനറൽ), കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.

2. അപ്പീൽ അധികാരി& കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 18.01.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 19.02.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 01.03.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 29.03.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 06.05.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 08.05.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 20.09.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീൽ അധികാരി | ഹാജരായി ല്ല.<br>ഹാജരായിരുന്നു. |

# ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. തോമസ് കുട്ടി എം. റ്റി., 06.05.2019ന് സമർപ്പിച്ച അപ്പീൽ ഹർജി 08.05.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1013(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനെ തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ആയതിനും മറുപടി ലഭ്യമാക്കിയില്ലെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 18.01.2019ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ടിയാൻ ധനകാര്യ വകുപ്പിന് 24.10.2016ൽ അയച്ച അപേക്ഷ ഉന്നതവിദ്യാഭ്യാസ വകുപ്പിന് കൈമാറിയ രേഖ നൽകി ഉന്നതവിദ്യാഭ്യാസ(എ) വകുപ്പ് നൽകിയ മറുപടിയിൽ യുജിസിയിലെ ലൈബ്രേറിയൻ തസ്തികയുമായി യാതൊരു ബന്ധവുമില്ല എന്നാണ് അറിയിച്ചതെന്നും എന്നാൽ യുജിസി ലൈബ്രേറിയൻ തസ്തികയിൽ ചില സർക്കാർ കോളേജുകളെ ഉൾപ്പെടുത്തിയതായി കാണുന്നുവെന്നും അതുമായി ബന്ധപ്പെട്ട് ചില വിവരങ്ങളാണെന്നും ആയതിന് 19.02.2019ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയിലെ ക്രമനമ്പർ 1, 2, 3 പിരിവുകളിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ടി ഓഫീസിൽ ക്രോഡീകരിച്ച് ലഭ്യമല്ലെന്നും ക്രമനമ്പർ 3ലെ 11-ാം ചോദ്യത്തിന് സർക്കാർ കോളേജുകളിൽ നിലവിലുള്ള ലൈബ്രേറിയൻ തസ്തികകളുടെ വിവരങ്ങൾ അടങ്ങിയ കോമൺപൂൾ, ലൈബ്രറി സർവ്വീസിന്റെ സ്പെഷ്യൽ റൂൾസ്, ശമ്പള സ്കെയിൽ എന്നിവയുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്. ടി മറുപടിയിൽ തൃപ്തനാകാതെ 01.03.2019ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 29.03.2019ന് നൽകിയ മറുപടിയിൽ പൊതുഅധികാരിയുടെ കൈവശമോ നിയന്ത്രണത്തിലോ ഉള്ള വിവരങ്ങൾ ലഭിക്കുക എന്നതാണ് വിവരാവകാശ നിയമം ജനങ്ങൾക്ക് നൽകുന്ന

അവകാശമെന്നും വിവരങ്ങൾ ക്രോഡീകരിച്ച് നൽകുകയെന്നത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നും ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമല്ലെന്നുമാണ് അറിയിച്ചത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 17.09.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. മാത്രമല്ല ടിയാൻ സർക്കാർ കോളേജുകളിലെ യു.ജി.സി.ലൈബ്രേറിയന്മാരുടെ വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും ടിയാന്റെ അപേക്ഷയിലെ ക്രമനമ്പർ 1, 2, 3 പിരിവുകളിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ടി ഓഫീസിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല എന്നും ക്രമനമ്പർ 3ലെ 2-ാം ചോദ്യത്തിന് മറുപടി നൽകിയിട്ടുണ്ടെന്നും ടിയാന്റെ അപേക്ഷയിലെ 2, 3 പിരിവുകൾ 10 വരെയും ബന്ധപ്പെട്ട സർക്കാർ കോളേജുകൾക്ക് കൈമാറിയ വിവരവും ക്രമനമ്പർ 1ന്റെ ബാദ്ധ്യതയും നൽകണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപ്പീലിൽ ടി കാര്യാലയത്തിൽ നിന്നും ക്രോഡീകരിച്ചു നൽകാൻ കഴിയാത്തതും വ്യക്തതയില്ലാത്തുമായ വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നുമാണ്.

5. ഒന്നാം എതിർകക്ഷിയുടെ മൊഴിയും റിപ്പോർട്ടും അംഗീകരിച്ചുകൊണ്ട് ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 ജനുവരി 07-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/

STATE INFORMATION COMMISSION ... THIRUVANANTHAPURAM